**കേരള സർക്കാർ**

**സംഗ്രഹം**

സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റ് നഷ്ടപ്പെടുകയും, നിക്ഷേപകൻ മരണപ്പെടുകയും ചെയ്യുന്ന സാഹചര്യത്തിൽ ഡ്യൂപ്ലിക്കേറ്റ് സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റ് അനുവദിക്കൽ - പ്ലെഡ്ജ് ചെയ്തിരിക്കുന്ന സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റ് പ്ലെഡ്ജിയുടെ കൈയ്യിൽ നിന്നും നഷ്ടപ്പെടുന്ന സാഹചര്യത്തിൽ സ്വീകരിക്കേണ്ട നടപടികൾ - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (സ്കീംലൈനിംഗ്) വകുപ്പ്**

**സ.ഉ.(അച്ചടി)നം.6/2024/ധന** **തീയതി, തിരുവനന്തപുരം, 22/01/2024**

പരാമർശം:- 1. സ.ഉ.(പി)579/09/ധന തീയതി 29/12/2009.

2. ട്രഷറി ഡയറക്ടറുടെ 20/11/2023-ലെ TRY/4535/2023-F4 നമ്പർ കത്ത്.

**ഉത്തരവ്**

സ്ഥിര നിക്ഷേപകന് നിക്ഷേപ സർട്ടിഫിക്കറ്റ് നഷ്ടപ്പെട്ടാൽ കേരള ട്രഷറി കോഡ് വാല്യം 2 അനുബന്ധം 3 ചട്ടം 57 (13) അനുസരിച്ച് നിക്ഷേപകനിൽ നിന്നും നഷ്ടോത്തരവാദ പത്രിക (Indemnity Bond) സ്വീകരിച്ച് ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റ് അനുവദിച്ചു വരുന്നു. പരാമർശം 1 പ്രകാരം സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റ് നഷ്ടപ്പെടുകയും, നിക്ഷേപകൻ മരണപ്പെടുകയും ചെയ്യുന്ന സാഹചര്യത്തിൽ അനന്തരാവകാശികളിൽ നിന്നും അനന്തരാവകാശ സർട്ടിഫിക്കറ്റ്, നഷ്ടോത്തരവാദ പത്രിക (Indemnity Bond), മരണ സർട്ടിഫിക്കറ്റിന്റെ പകർപ്പ്, നോട്ടറി സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലം എന്നിവ സ്വീകരിച്ച് ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റ് അനുവദിച്ച് നൽകാവുന്നതാണ്.

2. എന്നാൽ കേരള ട്രഷറി കോഡ് വാല്യം 2 അനുബന്ധം 3 ചട്ടം 57 (13)-ലെ നഷ്ടോത്തരവാദ പത്രിക, നോമിനിക്ക്/അവകാശിക്ക് പര്യാപ്തമല്ല എന്ന് കാണുന്നതിനാൽ പ്രസ്തുത ഫോമിൽ മാറ്റം വരുത്തുന്നതിനും; പ്ലെഡ്ജ് ചെയ്തിരിക്കുന്ന സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റ് പ്ലെഡ്ജിയുടെ കൈയ്യിൽ നിന്നും നഷ്ടപ്പെടുന്ന കേസുകളിൽ ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റ് എങ്ങനെ നൽകണമെന്നതിലുമുള്ള ശിപാർശ പരാമർശം 2 പ്രകാരം ട്രഷറി ഡയറക്ടർ സമർപ്പിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കേരള ട്രഷറി കോഡിൽ ചുവടെ കാണുന്ന ചട്ടഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റ് നഷ്ടപ്പെടുകയും, നിക്ഷേപകൻ മരണപ്പെടുകയും ചെയ്യുന്ന സാഹചര്യത്തിൽ ഡ്യൂപ്ലിക്കേറ്റ് സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റ് നോമിനിക്ക്/ അവകാശിക്ക് അനുവദിക്കുന്നതിനായി കേരള ട്രഷറി കോഡ് വാല്യം 2 അനുബന്ധം 3 ചട്ടം 57 (13)-ലെ Bond-ന്റെ ഫോമിൽ ചുവടെ കാണുന്ന രീതിയിൽ മാറ്റം വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

Dear Sir,

I/ Nominee(s)/ legal heir(s) of Shri/Smt. ………… (here enter name and full address) hereby like to inform you that the Fixed Deposit Certificate ………. dated ….. for ₹ ……. (Rupees………. only) deposited by me and issued to me by you, is missing and I fear that it has been lost. The said deposit has not yet been paid as yet and I request you to issue me a duplicate certificate in lieu of the lost one and I hereby agree to indemnify the Government of Kerala against all proceedings, claims, expenses and liabilities whatsoever which may be taken or made against or incurred by the said Government by reason of having issued to me a duplicate certificate in lieu of the lost one for ₹……. (Rupees ……. only). The original certificate which stands cancelled by this, if and when traced shall be delivered to you by me free of payment.

5. പ്ലെഡ്ജ് ചെയ്തിരിക്കുന്ന സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റ് പ്ലെഡ്ജിയുടെ കൈയ്യിൽ നിന്നും നഷ്ടപ്പെടുന്ന സാഹചര്യത്തിൽ, പ്ലെഡ്ജി ഈ വിവരം നിക്ഷേപകനെ/നോമിനിയെ/ അവകാശിയെ അറിയിക്കേണ്ടതും നിക്ഷേപകൻ/നോമിനി/അവകാശി ഡ്യൂപ്ലിക്കേറ്റ് സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റിനുള്ള അപേക്ഷ, പ്ലെഡ്ജിയുടെ കത്ത്, അനുബന്ധ രേഖകൾ എന്നിവ ട്രഷറിയിൽ സമർപ്പിക്കേണ്ടതും, ഇത്തരം കേസുകളിൽ ഡ്യൂപ്ലിക്കേറ്റ് സ്ഥിരനിക്ഷേപ

സർട്ടിഫിക്കറ്റ് നിക്ഷേപകൻ/നോമിനി/അവകാശിക്ക് നൽകാതെ ട്രഷറിയിൽ നിന്നും തപാൽ മാർഗ്ഗം നേരിട്ട് പ്ലെഡ്ജിക്ക് നൽകേണ്ടതാണെന്നുമുള്ള ഒരു പുതിയ ചട്ടം കൂടി കേരള ട്രഷറി കോഡിൽ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

6. ഉചിതമായ ഭേദഗതികൾ കേരള ട്രഷറി കോഡിൽ പിന്നീട് വരുത്തുന്നതായിരിക്കും.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**
**പ്രീത ബി.എസ്.,**
**അഡീഷണൽ സെക്രട്ടറി (ധനകാര്യം).**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-II) കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ ജില്ലാ ട്രഷറി/സബ് ട്രഷറി ഓഫീസർമാർക്ക് (ട്രഷറി ഡയറക്ടർ മുഖാന്തിരം).
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (E 2619717).

ഉത്തരവിൻ പ്രകാരം,

അക്കൗണ്ട്സ് ഓഫീസർ.

**കേരള സർക്കാർ**

**സംഗ്രഹം**

ധന വകുപ്പ്- സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റ് നഷ്ടപ്പെടുകയും, നിക്ഷേപകൻ മരണപ്പെടുകയും ചെയ്യുന്ന സാഹചര്യത്തിൽ ഡ്യൂപ്ലിക്കേറ്റ് സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റ് അനുവദിക്കൽ - പ്ലെഡ്ജ് ചെയ്തിരിക്കുന്ന സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റ് പ്ലെഡ്ജിയുടെ കൈയ്യിൽ നിന്നും നഷ്ടപ്പെടുന്ന സാഹചര്യത്തിൽ സ്വീകരിക്കേണ്ട നടപടികൾ - പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്**

**സ.ഉ.(അച്ചടി)നം. 33/2024/ധന** **തീയതി, തിരുവനന്തപുരം, 29/04/2024**

---

പരാമർശം:- 1. സ.ഉ.(അച്ചടി)നം. 06/2024/ധന തീയതി 22/01/2024.

2. ട്രഷറി ഡയറക്ടറുടെ 27/02/2024-തീയതിയിലെ TRY/4535/2023-F4 നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം 1 ഉത്തരവിലെ ഖണ്ഡിക 4 ലെ ഫോം ഒഴിവാക്കുകയും പുതുക്കിയ ഫോമിലുള്ള നഷ്ടോത്തരവാദ പത്രിക അനുബന്ധമായി ചേർത്തുകൊണ്ട് പരാമർശം 1 ഉത്തരവ് പരിഷ്കരിച്ച ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യുന്നു.

2. പ്രസ്തുത തിരുത്തലോടെ പരാമർശം 1 ഉത്തരവ് നിലനിൽക്കുന്നതാണ്.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**
**സുരേഷ് കുമാർ ഒ. ബി**
**ജോയിന്റ് സെക്രട്ടറി**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-II) കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ ജില്ലാ ട്രഷറി/ സബ് ട്രഷറി ഓഫീസർമാർക്കും (ട്രഷറി ഡയറക്ടർ മുഖാന്തിരം).
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (E 2619717).

ഉത്തരവിൻ പ്രകാരം,

അക്കൗണ്ട്സ് ഓഫീസർ.

"**Annexure to G.O (P) No. 33/2024/FIN dated 29-04-2024**"

**INDEMNITY BOND**
**(See Rule 57(13) of KTC Vol-II)**

To

The District/Sub Treasury Officer...........................................

Dear Sir,

I/Nominee(s)/Legal Heir(s) of Shri/Smt........................................................ ................................................................ (here enter name and full address of depositor/nominee(s)/legal heir(s)) hereby like to inform you that the Fixed Deposit Certificate....................................dated............... for Rs.......................................... (Rupees ........................................................................................................... only) deposited by...................................**(me/name of depositor)** and issued to...................................... **(me/name of depositor)** by you, is missing and I fear that it has been lost. The said deposit has not been paid as yet and I request you to issue me a duplicate certificate in lieu of the lost one and I hereby agree to indemnify the Government of Kerala against all proceedings, claims, expenses and liabilities whatsoever which may be taken or made against or incurred by the said Government by reason of having issued to me a duplicate certificate in lieu of the lost one for Rs........................................(Rupees.................................................................................. ..........................................................................................only). The original Certificate which stands cancelled by this, if and when traced shall be delivered to you by me free of payment.

**Dated................................day of...........................20.........**

**Yours faithfully**

**Place............**
**Date.............**
**Witness**
**(1) ..........................................................................**
**(2) ..........................................................................**